(ബി) സതീഷ് S/o കിട്ടു എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് കഴൽമന്ദം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 894/2015 u/s 174 Cr.P.C പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളതും മൃതദേഹത്തിൽ നിന്നും ആത്മഹത്യ കുറിപ്പ് ലഭിച്ചത് പ്രകാരം സെക്ഷൻ 306 ഐ.പി.സി. ആയി കേസ് മാറ്റി പ്രതികളായ (1) കൃഷ്ണൻ @ കാട കൃഷ്ണൻ (2) ഷിനു S/o കൃഷ്ണൻ എന്നിവരെ അറസ്റ്റ് ചെയ്ത് റിമാന്റിൽ പാർപ്പിച്ചിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

ക്രമസമാധാന പാലനം

241 (2069) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാന പാലനം ഉറപ്പാക്കിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര വധശ്രമങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര വീടുകളാണ് ആക്രമിക്ക പ്പെട്ടിട്ടുള്ളതെന്ന ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് നടന്ന കൊലപാതകങ്ങളിൽ ആകെ എത്ര പ്രതികളുണ്ടെന്നും അതിൽ എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്രമസമാധാന പാലനം ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് 2520 വധശ്രമങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാരിന്റെ കാലത്ത് 1601 വീടുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഈ സർക്കാരിന്റെ കാലത്ത് നടന്ന കൊലപാതകങ്ങളിൽ 3018 പ്രതികളുണ്ട്. അതിൽ 149 പേരെ ഇനിയും പിടികൂടാനുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly